# റിപ്പബ്ലിക് ഓഫ് മാലദ്വീപിലെ പുതിയ പ്രസിഡണ്ട് ശ്രീ അബ്ദുല്ല യാമീൻ അബ്ദുള് ഗയൂമിനെ പ്രധാനമന്ത്രി അഭിനന്ദിച്ചു

നവംബർ 18, 2013

എക്സലൻസി ,

പ്രസിഡണ്ട് തെരഞ്ഞെടുപ്പിൽ താങ്കള് നേടിയ വിജയത്തില് എന്റെ ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ അറിയിക്കുമ്പോള് എനിക്കു ഒരു പാടു സന്തോഷം തോന്നുന്നു . താങ്കളുടെ വിജയം മാലദ്വീപിലെ ജനാധിപത്യ ബഹുത്വ ശക്തികൾക്ക് വൻവിജയം ആണ് നൽകുന്നത് . താങ്കളുടെ മേൽനോട്ടത്തില് സ്ഥിരത, സമാധാനം , പുരോഗതി, വികസനം എന്നീ വഴികളിലൂടെ മാലദ്വീപ് ഒരുപാട് ദൂരം മുന്നോട്ട് പോകുമെന്ന് എനിക്കു നല്ല വിശ്വാസമുണ്ട്.

ഇന്ത്യയും മാലദ്വീപും ചരിത്രപരവും സാംസ്ക്കാരികപരവും നാഗരികതയും കൊണ്ട് പരസ്പരം ബന്ധിപ്പിക്കപ്പെട്ടവയാണ്. രണ്ടു രാജ്യങ്ങളും തമ്മിൽ ഉണ്ടായിട്ടുള്ള അടുപ്പമുള്ളതും സൌഹൃദമുള്ളതുമായ ബന്ധങ്ങൾക്ക് ശക്തമായ അടിത്തറ ഉണ്ടാക്കി തന്നത് നമ്മുടെ ഭൂമിശാസ്ത്രപരമായ അടുപ്പമാണ്.

ഈ വർഷം ആദ്യം ഡെൽഹിയില് വച്ച് നമ്മള് കണ്ടപ്പോള് ഞാൻ അങ്ങയോട് പറഞ്ഞ കാര്യം ഒന്നു കൂടി ആവർത്തിച്ചു പറയുവാന് ഈ അവസരം ഞാൻ ഉപയോഗിക്കട്ടെ , അതായത് മാലദ്വീപുമായുള്ള ബന്ധങ്ങൾക്ക് ഇന്ത്യ വളരെ അധികം പ്രാധാന്യം നല്കുന്നു . പ്രസിഡണ്ട് പദവി ഏറ്റെടുക്കുവാൻ അങ്ങ് തയാറാകുന്ന ഈ അവസരത്തിൽ അങ്ങയ്ക്ക് ഭരണകാലാവധിയില് എല്ലാ വിജയങ്ങളും ഞാൻ ആശംസിക്കുന്നു ഒപ്പം മാലദ്വീപിലെ ജനങ്ങൾക്ക് സമാധാനപരവും പുരോഗതിയുമുള്ള ഒരു ഭാവി

നല്കുവാൻ ആവശ്യമായ അങ്ങയുടെ പ്രവർത്തനങ്ങൾക്ക് ഇന്ത്യയുടെ പരിപൂർണ പിന്തുണയും ഞാന് ഉറപ്പ് നല്കുന്നു.

എക്സലൻസി, വളരെ പ്രാധാന്യപൂർവം ഞാന് നൽകുന്ന ഈ ഉറപ്പുകളെ ദയവായി സ്വീകരിക്കുക .

**മൻമോഹന് സിംഗ്**